# Weekly Thoughts of December-2015

## Perfect obedience (സംപൂർണ്ണ അനുസരണം)

**Week-4**




നഗരത്തിൽ ജോലിതേടിയെത്തിയ ബിരുദധാരിയായ ഡേവിഡ് ജോലി ലഭിക്കാതെ വളരെ വിഷമിച്ചു. ആഹാരത്തിനോ, വാടകകൊടുക്കുവാനോ പണമില്ലാതെ ബുദ്ധിമുട്ടിയ ഡേവിഡ് ഒരു ഫാക്ടറി ഉടമയെ സമീപിച്ച് തന്റെ അവസ്ഥ അറിയിച്ചു. സർട്ടിഫിക്കറ്റുകൾ കണ്ട് തൃപ്തനായ അദ്ദേഹം അവന്റെ അനുസരണശീലം പരിശോധിക്കുവാൻ ഒരിടത്ത് കൂട്ടിയിട്ട കല്ല് വേറൊരിടത്ത് കൂട്ടിയിടുവാനാവശ്യപ്പെട്ടു. ആ ജോലി ഭംഗിയായി ചെയ്തിട്ട് രണ്ടാം ദിവസം ജോലിക്കു ചെന്നവനോട് ആ കല്ലുകൾ പഴയസ്ഥാനത്ത് മാറ്റിയിടുവാൻ ആവശ്യപ്പെട്ടു. ഇതെന്ത്? എന്ന് ഉള്ളിൽ ചോദ്യം ഉയർന്നപ്പോഴും പുഞ്ചിരിയോടെ തന്നോട് പറഞ്ഞ ജോലി ഭംഗിയായി ചെയ്തു. മൂന്നാംദിവസം ജോലിക്കു ചെന്ന ഡേവിഡിന്റെ കയ്യിൽ

ഒരു കവർ കൊടുത്തിട്ട് മുതലാളി പറഞ്ഞു, നിന്റെ അനുസരണത്തിന്റെ പ്രതിഫലമാണ് ഇത്. കവറിനുള്ളിൽ അവനെ മാനേജരായി നിയമിച്ച രേഖ ആയിരുന്നു.

## "To obey is better than sacrifice and to heed is better than the fat of rams" -(1st Samuel 15:22)

ദൈവം പറയുന്ന വാക്കുകൾ ശ്രദ്ധയോടെ കേട്ടനുസരിക്കുന്നവനെ യാണ് ദൈവം അനുഗ്രഹിക്കുന്നത്.ജീവിതത്തിലെ പ്രതികൂലം പലരു ടേയും കേൾവി കുറയ്ക്കും. അനുസരണമനോഭാവം നഷ്ടപ്പെടുത്തും. ക്ഷാമം കഠിനമായപ്പോൾ ദേശം വിട്ട് പുറപ്പെടുവാൻ ആഗ്രഹിച്ച യിസഹാ ക്കിനോട് "ഞാൻ നിന്നോട് കല്പിക്കുന്ന ദേശത്ത് പാർക്കുക. ഈ ദേശത്ത് താമസിക്ക, ഞാൻ നിന്നോട് കൂടെയിരുന്ന് നിന്നെ അനുഗ്ര ഹിക്കും" (ഉല്പത്തി 26:3)

അനുസരിച്ചവന് നൂറുമേനി വിളവു നൽകി ദൈവം അനുഗ്രഹിച്ചു. രാത്രി മുഴുവൻ അദ്ധ്വാനിച്ച് നിരാശനായി മടങ്ങുവാൻ വല കഴുകിയ പത്രോസിന്റെ അടുത്ത് യേശു എത്തി."നിന്റെ വാക്കിന് ഞാൻ വലയി റക്കാം" എന്ന് പറഞ്ഞ് അനുസരിച്ചവൻ അനുഗ്രഹിക്കപ്പെട്ടു.

'2015'കടന്നുപോകുവാറായി, സഹോദരങ്ങളേ നിരാശവിട്ട് യേശുവേ നിന്റെ ഒരു വാക്കുമതി എന്റെ ജീവിതം മാറുവാൻ എന്ന് പ്രാർത്ഥനയോട് അവന്റെ അടുക്കൽ ചെല്ലുക. വിജയം നിശ്ചയം.

### അനുസരണമുള്ളവർ ലഭ്യമാക്കുന്ന കാര്യങ്ങൾ

1. സ്വഭാവത്തിൽ അടിയുറച്ച പാറപോലെയാകും - മത്തായി (7:24)
2. ജ്ഞാനവും, വിവേകവും ഉള്ളവരാകും - സദൃ:(2:6),യോഹ:(7:17)

3. പിതാവിന്റെയും, പുത്രന്റെയും സ്നേഹവും, സഹവാസവും അനുസരി ക്കുന്നവർക്ക് മാത്രം ലഭ്യമാകും - യോഹ:(14:23)

**<u>യഹോവയോട് അനുസരണക്കേട് കാണിച്ചാൽ</u>**

1. യഹോവയുടെ കൈ വിരോധമായിരിക്കും-1ശമു:(12:15)

2.യഹോവ വിട്ടുമാറുകയും, തന്ന അനുഗ്രഹങ്ങൾ തിരിച്ചെടുക്കുകയും ചെയ്യും--1 ശമു:(28:16,18)

3. പീഢയുണ്ടാകും------------2 തെസ്സ:(1:7,8)

4. ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരും-------എഫേ:(5:6)

കർത്താവിൽ പ്രീയ സഹോദരങ്ങളേ! അശ്രദ്ധ കർത്താവിന്റെ ശബ്ദം തടസ്സപ്പെടുത്തിയോ? എങ്കിൽ മുട്ടു മടക്കി അനുസരണക്കേടിനെ ഏറ്റുപറയുക.ഉപേക്ഷിക്കുക.

**“One has a moral responsibility to disobey unjust laws”----**

**Martin Lutherking JR.**

**ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ**

## <u>പ്രാർത്ഥന</u>

അറുക്കപ്പെട്ട കുഞ്ഞാടെ,തകർന്ന ഹൃദയത്തോടെ നിന്റെ അടുക്കൽ വരുന്നു. അങ്ങയുടെ ശബ്ദം ശ്രദ്ധിക്കാതെ പോയത് അനുസരിക്കാതെ വേദനിപ്പിച്ച നിമിഷങ്ങൾ ജീവിതത്തിലുണ്ടായിട്ടും ഒരു വർഷം കൂടെ ഞങ്ങളെ നിർത്തിയതിനായി സ്തോത്രം. കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിക്കുവാൻ കൃപ ചെയ്യേണമേ,

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind